ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 27.06.2025**

## പ്രധാനവാർത്തകൾ

1) രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥ മെച്ചപ്പെടുത്തുന്നതിൽ സൂക്ഷ്മ -ചെറുകിട - ഇടത്തരം സംരംഭങ്ങൾ പ്രധാന പങ്കുവഹിക്കുന്നതായി രാഷ്ട്രപതി ദ്രൗപദി മുർമു.
2) സംസ്ഥാനത്ത് വ്യാപകമഴ; നദികളിലെ ജലനിരപ്പ് ഉയരുന്നു; ബാണാസുര, മലമ്പുഴ ഡാമുകൾ തുറന്നു; മലയോര മേഖലകളിൽ പ്രത്യേക ജാഗ്രത.
3) തൃശൂർ കൊടകരയിൽ അതിഥി തൊഴിലാളികൾ താമസിച്ചിരുന്ന ഇരുനില കെട്ടിടം തകർന്ന് മൂന്ന് മരണം; അന്വേഷണം നടത്തി റിപ്പോർട്ട് നൽകാൻ മന്ത്രി വി.ശിവൻകുട്ടി ലേബർ കമ്മീഷണർക്ക് നിർദ്ദേശം നൽകി.
4) അഴിമതി പൂർണമായി ഇല്ലാതാക്കുകയാണ് സർക്കാരിൻറെ ലക്ഷ്യമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.
5) ആര്യാടൻ ഷൗക്കത്ത് നിലമ്പൂർ എം.എൽ.എ ആയി ഇന്ന് സത്യപ്രതിജ്ഞ ചെയ്യും.
6) കെ.എസ്ആർ.ടി.സി ക്ക് സംസ്ഥാന സർക്കാർ 122 കോടി രൂപകൂടി അനുവദിച്ചു.

*****************************************************************************

RNU TVPM

## എം.എസ്.എം.ഇ ദിനം

രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥ മെച്ചപ്പെടുത്തുന്നതിൽ സൂക്ഷ്മ - ചെറുകിട - ഇടത്തരം സംരംഭങ്ങൾ പ്രധാന പങ്കുവഹിക്കുന്നതായി രാഷ്ട്രപതി ദ്രൗപദി മുർമു. എം.എസ്.എം.ഇ ദിനവുമായി ബന്ധപ്പെട്ട് ന്യൂഡൽഹിയിൽ സംഘടിപ്പിച്ച '**എംഎസ്എംഇ ദിനം - ഉദ്യമി ഭാരത് പരിപാടി'** യെ അഭിസംബോധന ചെയ്യുകയായിരുന്നു രാഷ്ട്രപതി. രാജ്യത്തെ ലക്ഷക്കണക്കിന് ജനങ്ങൾക്ക് തൊഴിലവസരം നൽകാൻ എം.എസ്.എം.ഇ യിലൂടെ സാധിച്ചതായി രാഷ്ട്രപതി പറഞ്ഞു. സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ ഉന്നമനവും പങ്കാളിത്തവും കണക്കിലെടുത്താണ് എല്ലാവർഷവും ജൂൺ 27 എം.എസ്.എം.ഇ ദിനമായി ആഘോഷിക്കാൻ ഐക്യരാഷ്ട്രസഭ ആഹ്വാനം ചെയ്തത്.

RNU TVPM

*******************************************************************************

## മുഖ്യമന്ത്രി - വിജിലൻസ് കോടതി

അഴിമതി പൂർണമായി ഇല്ലാതാക്കുകയാണ് സർക്കാറിൻറെ ലക്ഷ്യമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കൊല്ലം വിജിലൻസ് കോടതി ഓൺലൈനായി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വികസനപ്രവർത്തനങ്ങൾ ഊർജിതമാക്കാൻ അഴിമതിക്കെതിരായ നടപടികൾ അനിവാര്യമാണെന്നും മുഖ്യമന്ത്രി പറഞ്ഞു. കൊല്ലം, പത്തനംതിട്ട ജില്ലകളിലെ കേസുകളാണ് കോടതിയുടെ പരിധിയിൽ വരിക.

*******************************************************************************

## കൊടകര അപകടം

തൃശ്ശൂർ കൊടകരയിൽ അതിഥി തൊഴിലാളികൾ താമസിച്ചിരുന്ന ഇരുനില കെട്ടിടം ഇടിഞ്ഞുവീണ് മൂന്ന് മരണം. 12 പേരോളം ആണ് കെട്ടിടത്തിൽ ഉണ്ടായിരുന്നത്. രാവിലെ ആറുമണിയോടെയാണ് സംഭവം ഉണ്ടായത്. പശ്ചിമ ബംഗാൾ സ്വദേശികളായ രൂപൽ, രാഹുൽ, ആലിം എന്നിവരാണ് മരിച്ചത്. സംഭവത്തിൽ വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് നൽകാൻ മന്ത്രി വി ശിവൻകുട്ടി ലേബർ കമ്മീഷണർക്ക് നിർദ്ദേശം നൽകി. തൊഴിലാളികളുടെ മൃതദേഹം നാട്ടിലെത്തിക്കാൻ വേണ്ട നടപടികൾ തൊഴിൽ വകുപ്പ് കൈക്കൊള്ളുമെന്നും മന്ത്രി പറഞ്ഞു. അതേസമയം,

മരിച്ചവരുടെ കുടുംബത്തിന് നഷ്ടപരിഹാരം നൽകുമെന്ന് ജില്ലാ കലക്ടർ അറിയിച്ചു.

************************************************************************

RNU TVPM

## മഴ - സംസ്ഥാനം

സംസ്ഥാനത്ത് വ്യാപകമഴയ്ക്ക് സാധ്യതയെന്ന് കാലാവസ്ഥാ മുന്നറിയിപ്പ്. എറണാകുളം,
തൃശൂർ, ഇടുക്കി, മലപ്പുറം, വയനാട് ജില്ലകളിൽ ഇന്ന് ഓറഞ്ചും മറ്റെല്ലായിടത്തും മഞ്ഞ ജാഗ്രതയും പ്രഖ്യാപിച്ചു. മലയോര മേഖലകളിൽ കനത്ത ജാഗ്രത നിർദേശം നൽകിയിട്ടുണ്ട്. നദികളിലെ ജലനിരപ്പ് കൂടുകയാണ്. അപകട സാധ്യത കണക്കിലെടുത്ത് നിരവധി പേരെ ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് മാറ്റി. കേരള, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ വിവിധ ഡാമുകളുടെ ഷട്ടറുകൾ തുറന്നു. വയനാട്ടിലെ ബാണാസുര ഡാം തുറന്നു.

മലപ്പുറത്ത് കടലുണ്ടി പുഴ, ബാക്കികയം റഗുലേറ്റർ ഭാഗത്ത് വാണിംഗ് ലെവൽ പിന്നിട്ടിട്ടുണ്ട്.

****************************************************************************

**കെ.രാജൻ (ഇൻട്രോ)**

മഴ ശക്തമായ സാഹചര്യത്തിൽ അപകട സാധ്യത ഏറിയ പ്രദേശങ്ങളിൽ പ്രത്യേക ജാഗ്രത പുലർത്തുന്നുണ്ടെന്ന് റവന്യൂമന്ത്രി കെ.രാജൻ പറഞ്ഞു. തദ്ദേശ സ്ഥാപനങ്ങൾക്ക് രക്ഷാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കുള്ള സാമഗ്രികൾ വാങ്ങാൻ തുക അനുവദിച്ചിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

(വോയിസ്)

****************************************************************************

**പാലക്കാട് (ഇൻട്രോ)**

RNU TVPM

വൃഷ്ടി പ്രദേശങ്ങളിൽ മഴ തുടരുന്ന സാഹചര്യത്തിൽ പാലക്കാട് ജില്ലയിലെ ഡാമുകളിലെ ജലനിരപ്പ് ക്രമീകരിച്ചു തുടങ്ങി. ഇതിന്റെ ഭാഗമായി .മലമ്പുഴ ഡാമിന്റെ 4 സ്പിൽവേ ഷട്ടറുകൾ ഇന്ന് രാവിലെ ഉയർത്തി.

വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി **ഫൈസൽ അലിമുത്ത്.....**

(വോയിസ്)

****************************************************************************

## ലക്ഷദ്വീപ് -മഴ

ലക്ഷദ്വീപിലും ശക്തമായ മഴയും കാറ്റും തുടരുകയാണ്.ഇന്നും നാളെയുമായി ലക്ഷദ്വീപ് തീരങ്ങളിൽ കാലാവസ്ഥാ മുന്നറിയിപ്പും പ്രഖ്യാപിച്ചിട്ടുണ്ട്.

******************************************************************************

## ഇടുക്കി (ഇൻട്രോ)

ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ചിരിക്കുന്ന ഇടുക്കിയിൽ മഴയ്ക്ക് നേരിയ ശമനം. അതേസമയം, ഇടുക്കിയടക്കമുള്ള ഡാമുകളിലെ ജലനിരപ്പ് ഉയരുകയാണ്. മുല്ലപ്പെരിയാറിലെ ജലനിരപ്പ് 135.10 അടിയും ഇടുക്കിയിൽ 2359.46 അടിയുമാണ് ജലനിരപ്പ്. കല്ലാർകൂട്ടി, പൊൻമുടി, ലോവർ പെരിയാർ, മലങ്കര ഡാമുകൾ തുറന്ന് വെള്ളം പുറത്തേക്ക് ഒഴുക്കുന്നുണ്ട്.

വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി **രതീഷ് കൃഷ്ണ.....**

(വോയിസ്)

RNU TVPM

******************************************************************************

## കോഴിക്കോട്-മഴ

കോഴിക്കോട് ജില്ലയിൽ നിലവിൽ മഴക്ക് ശമനമുണ്ട്. ഇന്നലെ രാത്രിയിൽ ശക്തമായ മഴ ലഭിച്ചിരുന്നു. മാവൂർ, കാരശ്ശേരി, കൂടരഞ്ഞി പഞ്ചായത്തുകളിൽ സ്കൂളുകൾക്ക് പ്രാദേശിക അവധി നൽകിയിട്ടുണ്ട്. കക്കയം റിസർവൊയറിലേയ്ക്കുള്ള നീരൊഴുക്ക് വർധിച്ചതിനാൽ ഷട്ടറുകൾ ഉയർത്തിയിട്ടുണ്ട്.

******************************************************************************

## നിലമ്പൂർ - സത്യപ്രതിജ്ഞ

നിലമ്പൂർ എംഎൽഎ ആയി ആര്യാടൻ ഷൗക്കത്ത് ഇന്ന് സത്യപ്രതിജ്ഞ ചെയ്യും. നിയമസഭാ മന്ദിരത്തിലെ ആർ. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ വൈകുന്നേരം 3.30 ന് സ്പീക്കർ മുമ്പാകെയാണ് സത്യപ്രതിജ്ഞ. നിലമ്പൂർ ഉപതിരഞ്ഞെടുപ്പിൽ 11,000-ലേറെ വോട്ടുകളുടെ ഭൂരിപക്ഷത്തിലാണ് യു ഡി എഫ് സ്ഥാനാർത്ഥി ആര്യാടൻ ഷൗക്കത്ത് വിജയിച്ചത്.

******************************************************************************

## കെ.എസ്.ആർ.ടി.സി

കെഎസ്ആർടിസിക്ക് സഹായമായി സംസ്ഥാന സർക്കാർ ഈ മാസം 122 കോടി രൂപകൂടി അനുവദിച്ചതായി ധനമന്ത്രി കെ.എൻ ബാലഗോപാൽ. പെൻഷൻ വിതരണത്തിനായി 72 കോടി രൂപയും, മറ്റു കാര്യങ്ങൾക്കായി 50 കോടി രൂപയുമാണ് അനുവദിച്ചത്. ഈ സർക്കാരിന്റെ കാലത്ത് 6,523 കോടി രൂപയാണ് കെഎസ്ആർടിസിക്ക് സർക്കാർ സഹായമായി നൽകിയതെന്ന് മന്ത്രി പറഞ്ഞു.

RNU TVPM

******************************************************************************

## സജികുമാർ പോത്തൻകോട് അന്തരിച്ചു

ആകാശവാണി തിരുവനന്തപുരം നിലയത്തിലെ അനൗൺസറും തിരുവനന്തപുരം ദൂരദർശൻ കേന്ദ്രത്തിലെ കൃഷിദർശൻ അവതാരകനുമായ സജികുമാർ പോത്തൻകോട് അന്തരിച്ചു. 49 വയസായിരുന്നു. ഹൃദയാഘാതത്തെ തുടർന്നായിരുന്നു അന്ത്യം. ചലച്ചിത്ര പ്രവർത്തകനും ഡബ്ബിങ് ആർട്ടിസ്റ്റുമായിരുന്നു.

******************************************************************************

## ഉൾച്ചെരാത്

ആകാശവാണി പ്രക്ഷേപണത്തിൻറെ 90-ാാം വാർഷികത്തോട് അനുബന്ധിച്ച് തിരുവനന്തപുരം നിലയം കാഴ്ചപരിമിതർക്കായി പ്രത്യേക പരിപാടി സംഘടിപ്പിച്ചു. സംസ്ഥാന ഭിന്നശേഷി കമ്മീഷണർ പി.ടി.ബാബുരാജ് പരിപാടി ഉദ്ഘാടനം ചെയ്തു. കേരള ഫെഡറേഷൻ ഓഫ് ദ ബ്ലൈൻറിൻറെ സഹകരണത്തോടെയാണ്, ഹെലൻ കെല്ലറിൻറെ ജന്മദിനമായ ഇന്ന് ഉൾച്ചെരാത് പരിപാടി സംഘടിപ്പിച്ചത്. ആകാശവാണി തിരുവനന്തപുരം നിലയം പ്രോഗ്രാം വിഭാഗം മേധാവി പി.എ.ബിജു അധ്യക്ഷനായിരുന്നു.

*****************************************************************************

## മുസ്ലീംലീഗ് നേതൃയോഗം

മലപ്പുറത്ത് ഇന്ന് മുസ്‌ലിം ലീഗ് നേതൃയോഗം ചേരും. നിലമ്പൂർ ഉപതിരഞ്ഞെടുപ്പ് ഫലവും അൻവറിന്റെ യുഡിഎഫ് പ്രവേശനവും ഉൾപ്പെടെയുള്ള വിഷയങ്ങളായിരിക്കും ഇവിടെയും ചർച്ച. അൻവറിന്റെ പ്രവേശനം ചർച്ചയാകുമെന്ന് ഇ.ടി.മുഹമ്മദ് ബഷീർ എം.പി കഴിഞ്ഞദിവസം പ്രതികരിച്ചിരുന്നു.

RNU TVPM

*****************************************************************************

## എസ്.എഫ്.ഐ

എസ്എഫ്ഐ പതിനെട്ടാം അഖിലേന്ത്യാ സമ്മേളനത്തിന് കോഴിക്കോട്ട് തുടക്കമായി. പ്രതിനിധി സമ്മേളനം മാധ്യമപ്രവർത്തകൻ ശശികുമാർ, നാടക സംവിധായകനും നടനുമായ എം കെ റെയ്ന എന്നിവർ ചേർന്ന് ഉദ്ഘാടനം ചെയ്തു. അഖിലേന്ത്യാ പ്രസിഡന്റ് വി.പി സാനു പതാക ഉയർത്തി. നാളെ വൈകിട്ട് നാലിന് പൂർവകാല നേതൃസംഗമത്തിൽ മുൻ ഭാരവാഹികളായ എം.എ.ബേബി, പ്രകാശ് കാരാട്ട് തുടങ്ങിയവർ

പങ്കെടുക്കും. ഞായറാഴ്ച പുതിയ ഭാരവാഹികളെ തിരഞ്ഞെടുക്കും. തിങ്കളാഴ്ച രാവിലെ നടക്കുന്ന പൊതുസമ്മേളനം കോഴിക്കോട് കടപ്പുറത്ത് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

**************************************************************************

## ജോർജ് കുര്യൻ

ഇന്ത്യൻ ജനാധിപത്യത്തിന് ഭീഷണിയായ സംഭവമാണ് അടിയന്തിരാവസ്ഥയെന്ന് കേന്ദ്ര സഹമന്ത്രി അഡ്വ.ജോർജ് കുര്യൻ പറഞ്ഞു. പത്തനംതിട്ട മുൻസിപ്പൽ ടൗൺ ഹാളിൽ ബിജെപി ജില്ലാ കമ്മറ്റിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച അടിയന്തിരാവസ്ഥയുടെ അൻപത് വർഷങ്ങൾ എന്ന സെമിനാറും എക്സിബിഷനും ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. അടിയന്തിരാവസ്ഥക്കാലത്ത് ജയിൽവാസമനുഭവിച്ചവരെ ചടങ്ങിൽ ആദരിച്ചു.

RNU TVPM

**************************************************************************

## മൻ കി ബാത്ത്

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി '**മൻ കീ ബാത്**' ഈ മാസം 29 ന് രാവിലെ 11 ന് പ്രക്ഷേപണം ചെയ്യും. പരിപാടിയുടെ 123-ാം പതിപ്പാണിത്. മൻ കീ ബാത്തിനെ കുറിച്ചുള്ള ജനങ്ങളുടെ അഭിപ്രായങ്ങളും ആശയങ്ങളും നരേന്ദ്ര മോദി ആപ്പിലൂടെയും **MyGov** ഓപ്പൺ ഫോറത്തിലൂടെയും ഇന്നു വരെ അറിയിക്കാവുന്നതാണ്.

**************************************************************************************************************

*********************************